

# കുഴൂർ
# മേരി ഇമ്മാക്കുലേറ്റ് ഇടവക

പുരാതനമായ മൂഴിക്കുളം ഇടവകയിൽ പെട്ടവരായിരുന്നു, കുഴൂർ നിവാസികൾ. 1902-ൽ കുഴൂരിലെ കത്തോലിക്കർ സഹകരിച്ച് നിർമ്മിച്ച കപ്പേളയായിരുന്നു, ഈ പ്രദേശത്തെ പ്രഥമ പ്രാർത്ഥനാകേന്ദ്രം. പൂവ്വത്തുശ്ശേരി പള്ളി സ്ഥാപിതമാവുകയും ഇടവക രൂപംകൊള്ളുകയും ചെയ്തപ്പോൾ കുഴൂരിലെ കത്തോലിക്കരും അവിടെ ചേർന്നു. ക്രമേണ കുഴൂർ പ്രദേശത്ത് താമസിച്ചിരുന്ന 50 വീട്ടുകാരും തെക്കൻ താണിശ്ശേരി ഇടവകയിൽ ചേരുകയും തുടർന്ന് കുഴൂർ നിവാസികളുടെ സൗകര്യാർത്ഥം 1944 മേയ് 31-ാം തിയ്യതി തൃശ്ശൂർ ബിഷപ്പ് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ നിർദ്ദേശാനുസരണം, അന്നത്തെ താണിശ്ശേരി പള്ളി വികാരി ബഹു. പാലയൂർ മാത്യു അച്ചൻ കപ്പേളയിൽ ഇദംപ്രഥമമായി പരി. മാതാവിന്റെ വണക്കമാസ തിരുനാളിന് വി. കുർബാന അർപ്പിക്കുകയും ചെയ്തു. അനന്തരം കപ്പേളയിൽ കൂടുതൽ കുർബാനകൾ അനുവദിച്ചുകിട്ടി. കൂടാതെ, ഇവിടത്തെ കുർബാനയ്ക്കുവേണ്ടി അമ്പഴക്കാട് കോട്ടയ്ക്കൽ കൊവേന്തയിൽ നിന്നുള്ള ബഹു. അച്ചന്മാരെയും ആവശ്യാനുസരണം നിയോഗിച്ചിരുന്നു.

## ഇടവക

വർദ്ധിച്ചുവന്ന വിശ്വാസികളുടെ ആവശ്യം കണക്കിലെടുത്ത് ബഹു. അച്ചനുവേണ്ടി ചെറിയ തോതിൽ താമസ സൗകര്യം ഏർപ്പാടു ചെയ്തു. ബഹു. പാലയൂർ മാത്യു അച്ചനെ താത്ക്കാലിക വികാരിയായി നിയമിക്കുകയും 1951 ജൂൺ 11-ാം തിയ്യതി അച്ചൻ ഇവിടെ താമസിക്കുകയും ചെയ്തു. പള്ളിയുടെ നടത്തിപ്പിനുവേണ്ട പത്ര-മേനിയും മറ്റും തയ്യാറായപ്പോൾ അഭിവന്ദ്യപിതാവിന്റെ 931/51-ാം നമ്പർ കല്പനപ്രകാരം കുഴൂർ പള്ളിയെ 1951 നവംബർ 27 മുതലുള്ള പ്രാബല്യത്തോടെ ഇടവകയായി ഉയർത്തുകയും പ്രഥമ വികാരിയായി ബഹു. പാലയൂർ അച്ചനെത്തന്നെ നിയമിക്കുകയും ചെയ്തു. കുഴൂർ പ്രദേശത്തുള്ള 72 വീട്ടുകാർ മാത്രമാണ് ഈ ഇടവകയിൽ ഉൾപ്പെട്ടിരുന്നത്.

അന്ന് എരവത്തൂർ ഭാഗത്തുള്ള വീട്ടുകാരും

കപ്പേളയും പൂവ്വത്തുശ്ശേരി ഇടവകയുടെ കീഴിലായിരുന്നു. പിന്നീട് 1953-ൽ അവിടെയുണ്ടായിരുന്നവരിൽ 17 വീട്ടുകാരും 1958-ൽ ബാക്കി 16 വീട്ടുകാരും ഇവിടെ ഇടവക ചേർന്നു. അതോടെ എരവത്തൂർ കപ്പേളയും കുഴൂർ ഇടവകയുടെ കീഴിലായി. ആകെ 313 കുടുംബങ്ങളാണ് ഇപ്പോൾ ഈ ഇടവകയിലുള്ളത്.

## സിമിത്തേരി

ഇവിടെ ഇടവക രൂപംകൊള്ളുന്നതിനു മുമ്പു തന്നെ സിമിത്തേരി സ്ഥാപിതമായി. ഇടവക ദേവാലയമായിരുന്ന താണിശ്ശേരിയിലായിരുന്നു അതുവരെ കബറടക്കം നടത്തിയിരുന്നത്. എന്നാൽ, പിന്നീട് ചില തടസ്സങ്ങൾ നേരിട്ടതുമൂലം സിമിത്തേരിക്ക് വേണ്ട അനുവാദത്തിനായി പരിശ്രമിച്ചു. നിയമയുദ്ധത്തിനുശേഷം അനുവാദം കിട്ടിയപ്പോൾ സിമിത്തേരിയുടെ പണി തുടങ്ങി. എന്നാൽ, പൂർത്തിയാകുന്നതിനുമുമ്പ് ഒരു കുട്ടി മരിക്കുകയും 1948 നവംബർ 14-ന് സിമിത്തേരി വെഞ്ചിരിച്ച് പ്രസ്തുത മൃതദേഹം സംസ്കരിക്കുകയും ചെയ്തു.

## നവീനദേവാലയം

1971-ൽ ബഹു. ജോസഫ് ചാഴൂർ അച്ചന്റെ കാലത്ത് പള്ളിയുടെ ജീർണ്ണതയും സ്ഥലപരിമിതിയും പരിഗണിച്ച് പള്ളി പുതുക്കിപ്പണിയാൻ ഫണ്ട് ശേഖരണം തുടങ്ങി. 1974 ഏപ്രിൽ 20-ന് അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് പള്ളിയുടെ അടിസ്ഥാനശില സ്ഥാപിച്ചു. ബഹു. ഫ്രാൻസിസ് എടക്കളത്തൂർ, ബഹു. ജോൺ പയ്യപ്പിള്ളി സി.എം.ഐ. എന്നിവരുടെ നേതൃത്വത്തിൽ പണി തുടർന്നു. സാമ്പത്തിക ക്ലേശവും മറ്റും മൂലം പണികൾ മന്ദഗതിയിലായിരുന്നു. എന്നാൽ, ബഹു. ജോസ് എ. വാഴപ്പിള്ളിയച്ചന്റെ ഉത്സാഹത്താൽ പൂർത്തിയായ പുതിയ പള്ളിയുടെ ആശീർവാദകർമ്മം 1980 ഫെബ്രുവരി 9-ന് ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു.

## വൈദികമന്ദിരം

ഇതോടൊപ്പം തന്നെ പുതിയ പള്ളിമേടയുടെ വെഞ്ചരിപ്പുകർമ്മം അന്നുതന്നെ നടത്തി. പിന്നീട് സിമിത്തേരിയിൽ നിർമ്മിച്ച കപ്പേള 1981 ഒക്ടോബർ 28-ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവാണ് വെഞ്ചരിച്ചത്. 1989 മുതലാണ് വികാരിമാർ ഇവിടെ താമസിച്ചുതുടങ്ങിയത്.



വൈദിക മന്ദിരം

## എരവത്തൂർ കുരിശുപള്ളി

ഇപ്പോഴത്തെ കുരിശുപള്ളിയുടെ പടിഞ്ഞാറുഭാഗത്തായി ശ്രീ. പഞ്ഞിക്കാരൻ വറീത് പൊറിഞ്ചു ദാനം ചെയ്ത സ്ഥലത്തായിരുന്നു, എരവത്തൂരിലെ ആദ്യത്തെ കപ്പേള. എന്നാൽ 1951-ൽ ശ്രീ. കാക്കനാടൻ



എരവത്തൂർ കുരിശുപള്ളി

ദേവസ്സി ലോനപ്പൻ ദാനമായി നല്കിയ സ്ഥലത്ത് പുതിയ കപ്പേള പണിതതിനെ തുടർന്ന് പഴയ കപ്പേള പൊളിച്ച് ആ സ്ഥലം വിറ്റു. പഴയ മുഖവാരം ജീർണ്ണാവസ്ഥയിലായിരുന്നതിനാൽ മനോഹരമായ ഒരു മുഖവാരം പണിത് 1983 ആഗസ്റ്റ് 15-ന് വെഞ്ചിരിച്ചു. ഈ ഭാഗത്തുള്ള വീട്ടുകാരുടെ സൗകര്യാർത്ഥം 647/93-ാം നമ്പർ കല്പനപ്രകാരം 1994 ആഗസ്റ്റ് മാസം മുതൽ മാസംതോറും ഓരോ കുർബാനയർപ്പണം നടന്നുവരുന്നു. എരവത്തൂർ ജംഗ്ഷനിൽ മെയിൻറോഡിനോട് ചേർന്ന് ശ്രീ. മുളയ്ക്കാംപിള്ളി ലോന വർക്കി പിന്നീട് നല്കിയ 3 സെന്റ് സ്ഥലം കൂടി എരവത്തൂർ കുരിശുപള്ളിക്ക് സ്വന്തമായിട്ടുണ്ട്. സെന്റ് മേരീസ്, സെന്റ് സേവിയേഴ്സ് എന്നീ

കുടുംബയൂണിറ്റുകളിലെ അംഗങ്ങളാണ് ഈ കുരിശുപള്ളിയിലെ കാര്യങ്ങൾക്ക് നേതൃത്വം നല്കുന്നത്. ഇപ്പോഴത്തെ വികാരിയായ ബഹു. ജോസ് മുട്ടത്താൻ എം.എസ്. അച്ചന്റെ നേതൃത്വത്തിൽ ഈ കുരിശുപള്ളി ഈയിടെ നവീകരിക്കുകയുണ്ടായി

## കപ്പേളകൾ

ഇടവകയിൽ ആകെ രണ്ട് കപ്പേളകളാണുള്ളത്. സിമിത്തേരിക്ക് സമീപം ശ്രീ. മണവാളൻ ചാക്കുണ്ണി ഇട്ടീര സ്വന്തം സ്ഥലത്ത് പണിത് പള്ളിക്ക് നല്കിയ വി. അന്തോണീസിന്റെ കപ്പേള, 1956 ജനുവരി 28-ന് തൃശ്ശൂർ മെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയാണ് വെഞ്ചിരിച്ചത്. 1976 ആഗസ്റ്റ് മാസം മുതൽ ആഴ്ചതോറും ഇവിടെ നടത്തപ്പെടുന്ന നൊവേനയിൽ വിവിധ മതസ്തർ ഭക്തിയോടെ പങ്കുചേരുന്നു. പിന്നീട് കപ്പേള പുതുക്കിപണിയുകയും 2003 ആഗസ്റ്റ് 24- ാംതിയ്യതി അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവദിക്കുകയും ചെയ്തു. പുതിയ പള്ളി ആശീർവദിച്ച ദിവസം തന്നെ അടിസ്ഥാനമിട്ട വി. സെബസ്ത്യാനോസിന്റെ 3 നിലയിലുള്ള ഈ കപ്പേള രണ്ടു ഘട്ടമായിട്ടാണ് പണിതീർത്തത്.



വി.അന്തോണീസിന്റെ കപ്പേള



വി.സെബാസ്റ്റ്യാനോസിന്റെ കപ്പേള

## എസ്.ഡി. കോൺവെന്റ് & ശാന്തിനിലയം

സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട് സന്യാസിനീസമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലിയുടെയും ഇരിങ്ങാലക്കുട രൂപതയുടെ രജതജൂബിലിയുടെയും വർഷത്തിൽ സ്ഥാപിതമായതാണ് ശാന്തിനിലയം. മാനസിക രോഗികൾക്കുവേണ്ടിയുള്ള ഈ സ്ഥാപനത്തിൽ ശുശ്രൂഷിക്കുന്ന സിസ്റ്റേഴ്സിന് വേണ്ടി ഒരു കോൺവെന്റും ഇതിനോടു ചേർന്ന് പ്രവർത്തിക്കു



എസ്. ഡി. കോൺവെന്റ്

ന്നുണ്ട്. 2003 ജനുവരി 16-ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവാണ് ഈ സ്ഥാപനം ആശീർവദിച്ച് ഉദ്ഘാടനം ചെയ്തത്.



ശാന്തി നിലയം

## മതബോധന ഹാൾ

ഇടവകയിലെ മതബോധനത്തിന് സ്ഥലസൗകര്യം കുറവായിരുന്നതിനാൽ വികാരി ബഹു. ജോമോൻ കൂനൻ അച്ചന്റെ നേതൃത്വത്തിൽ മനോഹരമായി പണിതീർത്തതാണ് പുതിയ മതബോധനഹാൾ. 2007 ജൂൺ 10-ാം തിയ്യതി അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവാണ് ഇതിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചത്.



മതബോധന ഹാൾ